## പ്രാർഥനയിൽ ദൃഢചിത്തരായി

### I. "പ്രാർഥനയിൽ ദൃഢചിത്തതയോടെ"—പ്രവൃ. 6:4

- പ്രാർഥിക്കുകയെന്നാൽ നാം ഒന്നുമല്ലെന്നും നമുക്ക് ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും നാം മനസ്സിലാക്കുന്നതാണ്; പ്രാർഥനയെന്നത് യഥാർഥമായി സ്വയത്തെ ത്യജിക്കുന്നതാണെന്ന് ഇത് വിവക്ഷിക്കുന്നു
- പ്രാർഥനാമനുഷ്യൻ ദൈവത്തെയും ദൈവത്തിന്റെ ഹിതത്തെയും അന്വേഷിക്കുന്ന ഒരുവനായിരിക്കണം
- പ്രാർഥനയുടെ യഥാർഥ പ്രാധാന്യം നമ്മുടെ ആത്മാവിൽ ദൈവത്തെ ബന്ധപ്പെടുകയും ദൈവത്തെ ആഗിരണം ചെയ്യുകയും ചെയ്യുന്നതാണ്
  - ദിവ്യാത്മാവുമായുള്ള മനുഷ്യാത്മാവിന്റെ സമ്പർക്കമാണ് പ്രാർഥന, ആ സമയം നാം ദൈവത്തെ ഉള്ളിലേക്ക് ശ്വസിക്കുന്നു
  - ഈ പ്രാർഥനയിൽ ദൈവവും മനുഷ്യനും ഒരുമിച്ച് ഇഴുകിച്ചേരുന്നു; ദൈവം പ്രാരംഭകനും പ്രേരകനുമാണ്; ദൈവം മനുഷ്യനിൽ പ്രാർഥിക്കുകയും, മനുഷ്യൻ ദൈവത്തിൽ പ്രാർഥിക്കുകയും ചെയ്യുന്നു
- ബൈബിളിൽ ഏറ്റവും ഉന്നതവും ആത്മികവുമായ ഒരു പ്രാർഥന അടങ്ങുന്നു—അധികാരത്തിന്റെ പ്രാർഥന
- നാം ഒരു പ്രാർഥനാ മനുഷ്യനാകുവാൻ ആഗ്രഹിക്കുന്നവെങ്കിൽ, അധികാരത്തോടുകൂടെ പ്രാർഥിക്കുവാൻ പഠിക്കണം; ഇത്തരം പ്രാർഥനയാണ് മത്തായി 18:18-ൽ കർത്താവ് വിവരിച്ചിരിക്കുന്നത്—ബന്ധിക്കുന്നതും അഴിക്കുന്നതുമായ പ്രാർഥന
- അധികാരത്തോടുകൂടെ പ്രാർഥിക്കുകയെന്നാൽ മർക്കൊസ് 11:23-24-ലെ പ്രാർഥന പ്രാർഥിക്കുക എന്നാണ്
  - പ്രത്യാശിക്കുകയെന്നാൽ ഭാവിയിൽ ചിലത് പ്രതീക്ഷിക്കുന്നതാണ്; വിശ്വസിക്കുകയെന്നാൽ ചിലത് ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്ന് കണക്കാക്കുന്നതാണ്
  - അധികാരത്തോടുകൂടിയ പ്രാർഥന ദൈവം ചിലത് ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല; പകരം, അത് ദൈവത്തിന്റെ അധികാരം വ്യായാമം ചെയ്യുകയും പ്രശ്നങ്ങളോടും നീക്കം ചെയ്യപ്പെടേണ്ട കാര്യങ്ങളോടും ഇടപെടുവാൻ ഈ അധികാരത്തെ പ്രയോഗിക്കുകയും ചെയ്യുന്നു
  - അധികാരത്തോടുകൂടിയ പ്രാർഥനയ്ക്ക് ജയാളികളുമായി വളരെയധികം ബന്ധമുണ്ട്; ഓരോ ജയാളിയും "ഈ മലയോട്" സംസാരിക്കുവാൻ പഠിക്കണം

## വചന ശുശ്രൂഷയിൽ ദൃഢചിത്തരായി

### II. "വചനശുശ്രൂഷയിൽ ദൃഢചിത്തരായി"—പ്രവൃ. 6:4

- അപ്പൊസ്തലന്മാർ അനുഷ്ഠിച്ചിരുന്നതുപോലെ, പ്രാർഥന വചനശുശ്രൂഷയ്ക്ക് മുമ്പായിരിക്കണം
- വചനശുശ്രൂഷയുടെ ഒരു ഉദാഹരണം എഫെസ്യർ 3:17 ആണ്: "ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും"
  - ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വ്യാപിക്കുമ്പോൾ, അവൻ നമ്മുടെ വ്യക്തിയായിത്തീരുന്നു
    - നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുവിനെ നമ്മുടെ വ്യക്തിയായി നാം എടുക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന വ്യക്തി സ്വയമായിരിക്കയില്ല, മറിച്ച് ക്രിസ്തുവായിരിക്കും
  - നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുന്ന ക്രിസ്തു പരിധിയില്ലാത്ത, അളവറ്റ ക്രിസ്തു ആണ്
    - ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുമ്പോൾ, എല്ലാ വിശുദ്ധന്മാരോടുംകൂടെ നാം വീതിയും, നീളവും, ഉയരവും, ആഴവും ഗ്രസിക്കുന്നു; ഇവ പ്രപഞ്ചത്തിന്റെ അളവുകളാണ്, അളവറ്റ ക്രിസ്തുവിന്റെ അളവുകളാണ്
    - ക്രിസ്തു സാർവത്രിക സമചതുരക്കട്ടയാണ്; ശരീരത്തിൽ നമ്മുടെ ക്രിസ്ത്വാനുഭവം "സമചതുരക്കട്ടാകൃതിയിൽ," ത്രിമാനം ആയിരിക്കണം
  - ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുമ്പോൾ, നാം ദൈവത്തിന്റെ എല്ലാ നിറവിനോളം നിറയും
    - നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാൻ നാം ക്രിസ്തുവിനെ അനുവദിക്കുന്നുവെങ്കിൽ, നാം അവന്റെ പൂർണ ആവിഷ്കാരമായിത്തീരുന്ന അളവോളം നാം ത്രിയേക ദൈവത്താൽ നിറയും
    - ക്രിസ്തുവിന്റെ ശരീരം പരിധിയില്ലാത്ത ക്രിസ്തുവിന്റെ പരിധിയില്ലാത്ത ആവിഷ്കാരമാണ്
  - പരിധിയില്ലാത്തവനും അളവറ്റവനുമായ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വ്യക്തിപരമായി തന്റെ ഭവനം പണിയുന്നതിന്റെ ഫലമാണ് യഥാർഥ സഭാജീവിതം
    - സഭയുടെ ഉള്ളടക്കം നമ്മുടെ വ്യക്തിയായി നാം എടുക്കുന്ന ക്രിസ്തു, നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെടുന്ന ക്രിസ്തു ആണ്
    - നമുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യം ഉണ്ടായിരിക്കണമെങ്കിൽ, നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാൻ നാം ക്രിസ്തുവിനെ അനുവദിക്കണം

## വചന ശുശ്രൂഷയും ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും

**(എട്ട് ദൂതുകളുടെയും സമഗ്രമായ ഭാരം)**

Messages 1 through 4 is on the ministry of the word. Messages 5 through 8 is on God's dispensing for God's economy. We need to see the organic connection between the ministry of the word and God's dispensing for God's economy. **The ministry of the word is God's dispensing, and God's dispensing is for God's economy.** Any genuine ministry should be the dispensing of the Triune God into the hearers. If we remember this one statement, we would grasp the overall burden of this series of messages.

1 മുതൽ 4 വരെയുള്ള ദൂതുകൾ വചന ശുശ്രൂഷയെ സംബന്ധിച്ചാണ്. 5 മുതൽ 8 വരെയുള്ള ദൂതുകൾ ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് വേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയെ സംബന്ധിച്ചാണ്. വചന ശുശ്രൂഷയും ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും തമ്മിലുള്ള ജൈവികമായ ബന്ധം നാം കാണേണ്ടതുണ്ട്. **വചന ശുശ്രൂഷ എന്നത് ദൈവത്തിന്റെ പകർച്ചയാണ്, ദൈവത്തിന്റെ പകർച്ച ദൈവത്തിന്റെ വ്യവസ്ഥയ്ക്ക് വേണ്ടിയാണ്.** ഏതൊരു യഥാർത്ഥ ശുശ്രൂഷയും കേൾവിക്കാരിലേക്ക് ത്രിയേക ദൈവത്തെ പകരുന്നതായിരിക്കണം. നാം ഈ ഒരു പ്രസ്താവന ഓർക്കുന്നുവെങ്കിൽ, ഈ ദൂതുകളുടെ സമഗ്രമായ ഭാരം നാം ഗ്രഹിക്കും.